# മുഹമ്മദ് നബിയുടെ പ്രവാചകത്വം ഒരു ശാസ്ത്രീയ വിശകലനം

ബാഖിർ സദ്ർ

**ഒരാൾക്ക്** തന്റെ ബന്ധുക്കളിൽ നിന്നൊരാളുടെ കത്ത് കിട്ടിയെന്നു കരുതുക. കത്തെഴുതിയ ആൾ ഒരു ഗ്രാമീണ വിദ്യാലയത്തിലെ പ്രാഥമിക വിദ്യാലയത്തിൽ പഠിക്കുകയാണ്. കത്ത് കിട്ടിയ ആൾക്ക്, അതിൽ വിദഗ്ധമായ ശൈലിയും പണ്ഡിതോചിതവും ക്ലിപ്തവുമായ പ്രയോഗങ്ങളും കലാമേൻമയും കാണാൻ കഴിയുന്നെങ്കിൽ, അയാൾ എത്തുന്ന നിഗമനം ഉയർന്ന വിദ്യാഭ്യാസവും അസാധാരണ ഭാഷാപാടവവും ഉള്ള മറ്റൊരാളെക്കൊണ്ട് എഴുതിച്ചതാണ് ആ കത്ത് എന്നാവും. ഈ വാദവും നിഗമനവും അപഗ്രഥിക്കാൻ നമുക്കതിനെ താഴെ പറയുന്ന ഘട്ടങ്ങളിലൂടെ നോക്കാം.

ഒന്ന്, കത്തെഴുതിയത് പ്രാഥമിക വിദ്യാലയത്തിൽ പഠിക്കുന്ന ഒരു ഗ്രാമീണ ബാലനാണ്.

രണ്ട്, വാഗ്മിത്വമുള്ള ശൈലി, ഉന്നതമായ രചനാ വൈഭവം, അസാധാരണമായ ആശയക്രോഡീകരണപാടവം എന്നിവകൊണ്ട് ശ്രദ്ധേയമാണ് കത്ത്.

മൂന്ന്, അനുമാന ശാസ്ത്രമനുസരിച്ച്, ഒന്നാം ഘട്ടത്തിൽ പറഞ്ഞ സവിശേഷതകളുള്ള ഒരു ബാലന് രണ്ടാം ഘട്ടത്തിൽ പറഞ്ഞ ഗുണങ്ങളുള്ള ഒരു കത്തെഴുതുക സാധ്യമല്ല.

നാല്, ഇതിൽനിന്ന് നാം അനുമാനിക്കേണ്ടത് ഇതാണ്: ബാലന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കുറേ കഴിവുകളുള്ള മറ്റൊരാളുടെ സൃഷ്ടിയായിരുന്നു ആ കത്ത്.

ഇതേ ആശയത്തിന്റെ മറ്റൊരു ഉദാഹരണം നോക്കാം നമുക്ക്– ഇത്തവണ ഒരു ശാസ്ത്രീയ വാദമാണ്. ഇലക്ട്രോണിനെ പഠനവിധേയമാക്കുന്നതിൽ ശാസ്ത്രജ്ഞന്മാർ ഉപയോഗിച്ച വാദമാണത്. ഒരു ശാസ്ത്രജ്ഞൻ ഒരു പ്രത്യേകതരം രശ്മിയെക്കുറിച്ച് പഠിച്ചിരുന്നു. അതയാൾ അടച്ചിട്ട ഒരു കുഴലിനുള്ളിൽ നിർമിച്ചതായിരുന്നു. ആ കുഴലിന്റെ മധ്യത്തിൽ ഒരു കുതിരലാടത്തിന്റെ രൂപത്തിലുള്ള ഒരു കാന്തസംവിധാനം കേന്ദ്രമാക്കി പിടിച്ചു. രശ്മികൾ കാന്തികവലയത്തിന്റെ നെഗറ്റീവ് ധ്രുവത്തിൽനിന്നകന്ന് പോസിറ്റീവ് ധ്രുവത്തിലേക്ക് നീണ്ടുവന്നതായി കണ്ടു. അയാൾ അതേ പരീക്ഷണം തന്നെ വ്യത്യസ്ത സാഹചര്യങ്ങൾ ഒരുക്കി ആവർത്തിച്ചുനോക്കി. അവസാനം, കാന്തശക്തി രശ്മികളെ ആകർഷിക്കുന്നുണ്ടാവണമെന്നും ആകർഷിക്കുന്നത് പോസിറ്റീവ് ധ്രുവമായിരിക്കുമെന്നും അയാൾ അനുമാനിച്ചു. പക്ഷേ, അനുമാന സിദ്ധാന്തങ്ങളിലൂടെയും സാധരാണ പ്രകാശമുൾപ്പെടെ ഇതര രശ്മികളെക്കുറിച്ച പഠനത്തിൽനിന്നും അയാൾ മനസ്സിലാക്കിയിരുന്നു, രശ്മികൾ കാന്തശക്തിയുടെ സ്വാധീനത്തിൽ വരികയോ ആകർഷിക്കപ്പെടുകയോ ചെയ്യുന്നില്ലെന്നും, കാന്തം ആകർഷിക്കുന്നത് വസ്തുക്കളെ മാത്രമാണ്, രശ്മികളെയല്ലെന്നും. അതിനാൽ താൻ പരീക്ഷണം നടത്തിയ പ്രത്യേക രശ്മികളുടെ ആകർഷണം സാധാരണമായ സാങ്കൽപിക രീതിയിൽ വ്യാഖ്യാനിച്ചു കൂടെന്നു അയാൾ തീരുമാനിച്ചു. പകരം, അയാൾ ഒരു പുതിയ ശക്തിയും പുതിയ സത്യവും കണ്ടെത്തി. അതായത്, പ്രസ്തുത രശ്മികൾ അതിസൂക്ഷ്മമായ കണികകൾ കൊണ്ടുണ്ടായതും ആ കണികകൾ എല്ലാ ഭൗതിക വസ്തുക്കളിലും ഉള്ളതുമാണ്. കാരണം അവ വ്യത്യസ്ത ഘടകങ്ങളിൽനിന്നുണ്ടായതാണ്. ഈ കണികകൾക്കാണ് ഇലക്ട്രോണുകൾ എന്ന പേര്.

രണ്ട് ഉദാഹരണങ്ങളിലും സ്വീകരിച്ച പ്രക്രിയ ഇതാണ്. ചില നിർണിത ഘടകങ്ങളുടെയും സുവ്യക്ത സാഹചര്യങ്ങളുടെയും പരിധിയിൽ ഒരു പ്രത്യേക പ്രതിഭാസം നിരീക്ഷണ വിധേയമാക്കുമ്പോൾ, ഈ ഘടകങ്ങളും സാഹചര്യങ്ങളും എല്ലായ്പ്പോഴും അനിവാര്യമായും ഒരേ പ്രതിഭാസത്തിലേക്ക് നയിക്കുന്നില്ല എന്ന് അനുമാനാധിഷ്ഠിതമായി മനസ്സിലാക്കാം. അതിനാൽ ഇത് വിരൽ ചൂണ്ടുന്നത്, ആ പ്രതിഭാസം വ്യാഖ്യാനിക്കുന്നതിന് നാം സങ്കൽപിക്കേണ്ട മറ്റൊരു അദൃശ്യ ഘടകത്തിലേക്കാണ്. അഥവാ പ്രതിഭാസം അതേ സാഹചര്യങ്ങളെക്കാളും ഘടകങ്ങളെക്കാളും വലുതാണെങ്കിൽ അവക്കു പിന്നിലുള്ള ഒരദൃശ്യഘടകത്തെ സൂചിപ്പിക്കുന്നു അത്.

ഇത്, ഏറ്റവും മഹാനായ പ്രവാചകൻ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിനും ദൈവനാമത്തിൽ അവിടുന്നു ലോകത്തോടു പ്രഖ്യാപിച്ച സന്ദേശത്തിന്റെ സത്യത്തിനുമുള്ള തെളിവിനു ബലമേകുന്നു. ഈ വാദത്തിൽ നമ്മുടെ രീതി താഴെ പറയുന്ന പടികളിലൂടെയാണ് നീങ്ങുന്നത്.

## പ്രവാചകത്വത്തിന് മുമ്പ്

ദൈവത്തിന്റെ നാമത്തിൽ തന്റെ സന്ദേശം ലോകത്തോട് പ്രഖ്യാപിച്ച വ്യക്തി ജനിച്ചത്, സാംസ്കാരികമായും സാമൂഹികമായും ധിഷണാപരമായും രാഷ്ട്രീയമായും സാമ്പത്തികമായും വളരെ പിന്നാക്കമായ അറേബ്യൻ ഉപഭൂഖണ്ഡത്തിലാണ്. അതിൽതന്നെ, ഉപഭൂഖണ്ഡത്തിലെ സമീപസ്ഥ പ്രദേശങ്ങൾക്ക് ലഭിച്ച പരിമിതമായ സംസ്കാരവളർച്ച പോലും കിട്ടാതിരുന്ന ഹിജാസ് മേഖലയിലായിരുന്നു ആ മനുഷ്യൻ. ആ മേഖല എടുത്തുപറയാവുന്ന എന്തെങ്കിലും സാമൂഹികവികാസം നേടുകയോ അക്കാലത്തെ ധൈഷണിക നേട്ടങ്ങളിൽ പറയത്തക്ക എന്തെങ്കിലും അംശം പങ്കുവെക്കുകയോ ചെയ്തിരുന്നുമില്ല. അതിന്റെ കവിതയും സാഹിത്യവും ആ യുഗത്തിന്റെ ചിന്താധാരകളെ ഒരു വിധത്തിലും പ്രതിഫലിപ്പിച്ചില്ല. മതവിശ്വാസത്തിന്റെ വീക്ഷണത്തിൽ, ഹിജാസ് ബഹുദൈവാരാധനയിലും ബിംബപൂജയിലും മുങ്ങിയിരുന്നു. ഗോത്രമനഃസ്ഥിതിയുടെ ഭാരത്തിൽ ആ മേഖല സാമൂഹിക ഛിദ്രതയിലായിരുന്നു കഴിഞ്ഞത്. അതിനാൽ ജീവിതത്തിന്റെ സർവതുറകളിലും ആ സമൂഹം ഗോത്രബന്ധങ്ങൾക്കടിപ്പെട്ടിരുന്നു.

ഇത് സാമൂഹിക സംഘട്ടനങ്ങളിലും മത്സരത്തിലും ലക്ഷ്യരഹിതവും നിരർഥകവുമായ കൈയേറ്റങ്ങളിലും കലാശിച്ചു. ഈ പ്രവാചകൻ വളർന്ന നാട്ടിനു ഗോത്രക്കൂറ് അടിച്ചേൽപിച്ച ഭരണരൂപമല്ലാതെ മറ്റൊരു ഭരണരൂപവും അറിയില്ലായിരുന്നു. നിർമാണാത്മകമായ ഊർജത്തിന്റെ നിലവാരവും സാമ്പത്തിക സാഹചര്യങ്ങളും ഹിജാസിനെ അന്നത്തെ ലോകത്തെ മറ്റു പിന്നാക്ക മേഖലകളിൽനിന്ന് ഒട്ടും വ്യത്യസ്തമാക്കുന്നവയായിരുന്നില്ല.

വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രാഥമികമായ രൂപങ്ങളായ എഴുത്തും വായനയും പോലും, പൊതുവെ നിരക്ഷരരായിരുന്ന അന്നത്തെ സമൂഹത്തിൽ വിരളമായിരുന്നു. “നിരക്ഷരരായ ജനതക്ക്, ഗ്രന്ഥവും യുക്തിയും വായിച്ചു കേൾപ്പിക്കുന്ന അവരിൽനിന്നുള്ള ഒരു പ്രവാചകനെ അയച്ചവനാണവൻ; അതുവരെ അവർ വ്യക്തമായ വഴികേടിലായിരുന്നെങ്കിലും” –ഖുർആൻ 62:2. ഈ വീക്ഷണത്തിൽ പ്രവാചകൻ ഒരു മാതൃകാവ്യക്തിയായിരുന്നു. പ്രവാചക ലബ്ധിക്കു മുമ്പ് അദ്ദേഹത്തിനു എഴുതാനോ വായിക്കാനോ അറിയില്ലായിരുന്നു. ഔപചാരികമോ അനൗപചാരികമോ ആയ വിദ്യാഭ്യാസവും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല.

“ഇതിനുമുമ്പ് ഒരു ഗ്രന്ഥവും നീ ഓതിയിരുന്നില്ല; നിന്റെ വലതുകൈകൊണ്ട് നീ അത് എഴുതിയിട്ടുമില്ല; അങ്ങനെയെങ്കിൽ അസത്യം പറയുന്നവർ തീർച്ചയായും സംശയിക്കുമായിരുന്നു” –ഖുർആൻ 29:48. ഇത്, പ്രവാചകത്വലബ്ധിക്കു മുമ്പുള്ള നബി നേടിയ വിദ്യാനിലവാരത്തിന്റെ ശരിയായ വിവരണമാണ്. ഖുർആൻ ദൈവികമാണെന്ന് വിശ്വസിക്കാത്തവർക്കു പോലും ഇത് ഖണ്ഡിക്കാനാവാത്ത തെളിവാണ്. പ്രവാചകൻ തന്റെ ജനതയോട് പ്രഖ്യാപിക്കുകയും തന്റെ ജീവിതവും ചരിത്രവും നന്നായറിഞ്ഞ ജനങ്ങളോട് ഉദ്ഘോഷിക്കുകയും ചെയ്ത പാഠമായിരുന്നു അത്; ആരും അതിനെ ചോദ്യം ചെയ്തില്ല. ആരും അദ്ദേഹത്തിന്റെ അവകാശവാദം തള്ളിയില്ല. അദ്ദേഹം പ്രവാചകത്വലബ്ധിക്കുമുമ്പ്, അക്കാലത്തെ പാണ്ഡിത്യ രൂപങ്ങളായ കവിതയിലും പ്രഭാഷണവിദ്യയിലും ഏർപ്പെട്ടിരുന്നില്ല എന്നും നമുക്ക് കാണാം. ധാർമിക പ്രതിബദ്ധത, വിശ്വസ്തത, സത്യസന്ധത, വ്യക്തിത്വവൈശിഷ്ട്യം എന്നിവയല്ലാതെ തന്റെ ജനതയിൽനിന്ന് വേർതിരിക്കുന്ന മേന്മകളൊന്നും പ്രവാചകന്നുണ്ടായിരുന്നില്ല.

ജനങ്ങൾക്കിടയിൽ ജീവിച്ച നാൽപത് വർഷക്കാലത്തിൽ അവർക്ക് തങ്ങളിൽ നിന്നദ്ദേഹത്തെ വ്യത്യസ്തമാക്കുന്ന ഒരു സവിശേഷതയും ഉള്ളതായി തോന്നിയില്ല –സ്വഭാവശുദ്ധിയല്ലാതെ. നാൽപത് വർഷത്തെ മഹദ്ജീവിതത്തിനു ശേഷം സ്വയം പ്രഖ്യാപിച്ച മാറ്റത്തിന്റെ പ്രായോഗികമായ ഒരു സൂചനയും ചായ്വും അതിനുമുമ്പുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ദൃശ്യമായിരുന്നില്ല.

“പറയുക: അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ ഞാൻ നിങ്ങൾക്കത് ഓതിക്കേൾപ്പിക്കുമായിരുന്നില്ല; അത് നിങ്ങൾക്കറിയാതെയുമിരിക്കുമായിരുന്നു. അതിനു മുമ്പും ഞാൻ ഒരായുഷ്കാലം നിങ്ങളുടെ കൂടെ കഴിഞ്ഞതാണല്ലോ. എന്നിട്ടും നിങ്ങൾക്ക് മനസ്സിലാവുന്നില്ലേ?” –ഖുർആൻ 10:16. പ്രവാചകത്വലബ്ധിക്കുമുമ്പ് മുഴുവൻ കാലവും പ്രവാചകൻ മക്കയിലാണ് കഴിച്ചത്. രണ്ടു ഹ്രസ്വസന്ദർശനങ്ങൾക്കല്ലാതെ അദ്ദേഹം അറേബ്യൻ ഉപദ്വീപിൽ മക്കക്ക് പുറത്തേക്കു പോയിരുന്നില്ല. ഒന്നാമത്തേത് കൗമാരത്തിൽ പിതാമഹൻ അബൂത്വാലിബിനോടൊപ്പം നടത്തിയ യാത്രയാണ്. ഖദീജയുടെ കച്ചവടസാധനങ്ങളുമായി ഒട്ടകസംഘത്തോടൊപ്പം തന്റെ ഇരുപത്തഞ്ചാംവയസ്സിൽ നടത്തിയതാണ് രണ്ടാം യാത്ര. എഴുത്തും വായനയും അറിയാത്തതിനാൽ, യഹൂദരുടെയോ ക്രൈസ്തവരുടെയോ വേദഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിനു അവസരം ലഭിച്ചില്ല. തന്റെ ചുറ്റുപാടുകളിൽ മറ്റേതെങ്കിലും വിധം ഈ വേദങ്ങളുമായി ബന്ധപ്പെടാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. മക്ക അന്നൊരു വിഗ്രഹാരാധക നഗരമായിരുന്നു. ആശയത്തിലും ആചാരത്തിലും യഹൂദ-ക്രൈസ്തവ മതചിന്തകൾ അതിലേക്ക് കടന്നെത്തിയിരുന്നില്ല. സമൂഹത്തിന്റെ ജീവിതത്തിൽ മതം ഏതെ

**ജനങ്ങൾക്കിടയിൽ ജീവിച്ച നാൽപത് വർഷക്കാലത്തിൽ അവർക്ക് തങ്ങളിൽ നിന്നദ്ദേഹത്തെ വ്യത്യസ്തമാക്കുന്ന ഒരു സവിശേഷതയും ഉള്ളതായി തോന്നിയില്ല – സ്വഭാവശുദ്ധിയല്ലാതെ. നാൽപത് വർഷത്തെ മഹദ്ജീവിതത്തിനു ശേഷം സ്വയം പ്രഖ്യാപിച്ച മാറ്റത്തിന്റെ പ്രായോഗികമായ ഒരു സൂചനയും ചായ്വും അതിനുമുമ്പുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ദൃശ്യമായിരുന്നില്ല.**

ങ്കിലും രൂപത്തിൽ ദൃശ്യമായിരുന്നില്ല. മക്കയിലെ അറബികൾക്കിടയിലുണ്ടായിരുന്ന വിഗ്രഹാരാധന തിരസ്കരിച്ച 'ഹനീഫു'മാർ (പരിശുദ്ധർ) പോലും യഹൂദ-ക്രൈസ്തവ മതങ്ങളാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നില്ല. ഇരു മതങ്ങളുടെയും ചിന്തകൾ, ഖുസ്സുബ്നു സാഇദയും മറ്റും വിട്ടേച്ചുപോയ സാഹിത്യ-കാവ്യ പൈതൃകത്തിൽ പ്രതിഫലിക്കുന്നതായും നമുക്ക് കാണാൻ കഴിയുന്നില്ല. പ്രവാചകൻ യഹൂദ-ക്രൈസ്തവ മതങ്ങളുമായി ബന്ധപ്പെടാൻ വല്ല ശ്രമവും നടത്തിയിരുന്നെങ്കിൽ അത് ശ്രദ്ധിക്കപ്പെടുമായിരുന്നു. പ്രസ്തുത മതങ്ങളുമായി ബന്ധമില്ലാത്ത അന്നത്തെ അന്തരീക്ഷത്തിൽ, അത്തരമൊരു ശ്രമം ജനശ്രദ്ധ ആകർഷിക്കാതെയോ അതിനുശേഷമുള്ള ചലനങ്ങളിലും ബന്ധങ്ങളിലും മുദ്രപതിപ്പിക്കാതെയോ പോകുമായിരുന്നില്ല.

**ഗോത്രങ്ങളുടെ ഒരു വ്യൂഹം പ്രവാചകന്റെ മാർഗദർശനത്തിൽ ഒരു ആഗോളസമൂഹമായി മാറി. വിഗ്രഹങ്ങളുടെ സമൂഹം ഏകദൈവത്വ വിശ്വാസത്തിലേക്ക് മുന്നോട്ടുകുതിച്ചു. ആ വിശ്വാസം മറ്റു ഏകദൈവ മതങ്ങൾക്ക് തിരുത്തലുകൾ നടത്തുകയും അവയിലെ കൂട്ടിച്ചേർത്ത വ്യാജഘടകങ്ങളും ഐതിഹ്യങ്ങളും തുടച്ചുമാറ്റുകയും ചെയ്തു. പൊള്ളയായ സമൂഹം, ഉള്ളുനിറഞ്ഞ ഒന്നായി- ലോകത്തെ മുഴുവൻ ദീപ്തമാക്കിയ സംസ്കാരം വഹിക്കുന്ന ഒരു നേതൃത്വമുള്ള സമൂഹം.**

### ശരീഅത്ത്

2. പ്രവാചകൻ ലോകത്തോട് പ്രഖ്യാപിച്ച സന്ദേശം വിശുദ്ധ ഖുർആനിലും ഇസ്ലാമിക നിയമ (ശരീഅത്ത്)ത്തിലും അടങ്ങിയിരിക്കുന്നു. ഇതിന് സവിശേഷമായ പല മേന്മകളുമുണ്ട്. ദൈവം, അവന്റെ ഗുണങ്ങൾ, ശക്തി, അധികാരം, അവനും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നിവയെക്കുറിച്ച ദൈവികാധ്യാപനമെന്ന നിലയിലാണ് അതിറങ്ങിയത്. അതിൽ മനുഷ്യനെ മാർഗനിർദേശം ചെയ്യുന്നതിൽ പ്രവാചകന്മാരുടെ പങ്ക്, അവരുടെ പാഠങ്ങളുടെ സമാനത, അവരുടെ അതുല്യ മൂല്യങ്ങളും മാതൃകകളും എന്നിവയും വരച്ചുകാട്ടിയിരിക്കുന്നു. അത് പ്രവാചകന്മാരോടുള്ള ദൈവിക രീതിയെക്കുറിച്ചും സത്യവും അസത്യവും തമ്മിലും നീതിയും അനീതിയും തമ്മിലും ഉള്ള നിരന്തരമായ സമരത്തെക്കുറിച്ചും പറഞ്ഞുതരുന്നു. അനീതിക്കും അക്രമത്തിനും ഇരയായവരോടുള്ള ദൈവിക വെളിപാടിന്റെ അനുഭാവവും അന്യായമായ ഇടപാടുകളിലൂടെയും കച്ചവട വ്യവഹാരങ്ങളിലൂടെയും അന്യരെ ചൂഷണം ചെയ്യുന്നവരോടുള്ള എതിർപ്പും അത് വരച്ചുകാട്ടി. ഈ ദൈവികാധ്യാപനം വിഗ്രഹാരാധനയിൽ മുങ്ങിയ ഒരു സമൂഹത്തിന്റെ മതപരമായ നിലവാരത്തിൽ നിന്നുയർന്നത് മാത്രമായിരുന്നില്ല; അന്നു ലോകമറിഞ്ഞ എല്ലാ മതസംസ്കാരങ്ങളേക്കാളും മഹത്തരമായിരുന്നു. ഏതു താരതമ്യത്തിൽനിന്നും മനസ്സിലാവും, അത് മറ്റു മതവ്യവസ്ഥകളിലുണ്ടായിരുന്ന പിഴവുകൾ തിരുത്താൻ വന്നതാണെന്ന്; അവയിലുണ്ടായിരുന്ന വ്യതിയാനങ്ങളെ നേരെയാക്കലും, അവയെ ശുദ്ധവും ജന്മസിദ്ധവുമായ മനുഷ്യന്റെ ചേതനയെക്കുറിച്ചും കളങ്കമില്ലാത്ത അവന്റെ യുക്തിയെക്കുറിച്ചുമുള്ള ബോധത്തിലേക്ക് തിരിച്ചുകൊണ്ടുവരലുമായിരുന്നു അത് ലക്ഷ്യം വച്ചത്.

ഇതെല്ലാം കൊണ്ടുവന്നത്, ഇതര സമൂഹങ്ങളിൽ നിന്നൊറ്റപ്പെട്ട വിഗ്രഹപൂജയിൽ കഴിഞ്ഞ ഒരു സമൂഹത്തിലെ നിരക്ഷരനായ ഒരാളാണ്. അന്നത്തെ വൈഖരിക പാരമ്പര്യത്തെക്കുറിച്ചോ വേദങ്ങളെക്കുറിച്ചോ ഒന്നും അറിയാത്ത ഒരാളായിരുന്നു അത്. എന്നിട്ടും അയാൾ സന്മാർഗത്തിന്റെയും പുരോഗതിയുടെയും മാനദണ്ഡമായി. കൂടാതെ ആ സന്ദേശം അവതീർണമായത് ജീവിതം, മനുഷ്യത്വം, സാമൂഹികബന്ധങ്ങൾ, സൽകർമങ്ങൾ എന്നിവയെക്കുറിച്ച മൂല്യങ്ങളും സങ്കൽപങ്ങളും കൊണ്ടായിരുന്നു. ഈ മൂല്യങ്ങളും സങ്കൽപങ്ങളും ആവിഷ്കരിച്ച നിയമങ്ങളും ശാസനകളും മനുഷ്യചരിത്രത്തിന് പരിചിതമായ മഹദ്നിയമങ്ങളുടെയും വിലപ്പെട്ട ശാസനകളുടെയും ഒപ്പം നിൽക്കുന്നുവെന്ന് അതിന്റെ ദൈവിക സ്രോതസ്സ് അംഗീകരിക്കാത്തവർ പോലും കരുതുന്നു.

ഒരു ഗോത്രസമൂഹത്തിന്റെ സന്താനം ചരിത്രവേദിയിൽവന്ന് മനുഷ്യകുലം ഒന്നാണെന്ന് പ്രഖ്യാപിക്കുന്നു. വംശമഹത്വത്തിന്റെയും കുടുംബപാരമ്പര്യത്തിന്റെയും സാമുദായിക സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ മേന്മയും വിവേചനവും മർദകമായ സമൂഹസംവിധാനവും നടത്തിയ ഒരു അന്തരീക്ഷത്തിന്റെ സന്താനമായ അദ്ദേഹം അത്തരം എല്ലാ വിവേചനങ്ങളും തള്ളിപ്പറഞ്ഞ് മനുഷ്യരെല്ലാം തുല്യരാണെന്ന് പ്രഖ്യാപിക്കാൻ ഇറങ്ങി.

"തീർച്ചയായും ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങളിൽ കൂടുതൽ ശ്രേഷ്ഠൻ ദൈവത്തെ കൂടുതൽ സൂക്ഷിക്കുന്നവനാണ്" (ഖുർആൻ 49:13). അദ്ദേഹം ഈ പ്രഖ്യാപനം ജനങ്ങൾക്കനുസരിക്കാവുന്ന ഒരു യാഥാർഥ്യമാക്കി മാറ്റി. പണ്ട്, ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരുന്ന സ്ത്രീക്ക് അവളർഹിച്ച സ്ഥാനം തിരിച്ചു നൽകുകയും മാനുഷികതയിലും അന്തസ്സിലും അവളെ പുരുഷന് തുല്യമാക്കുകയും ചെയ്തു.

തങ്ങളുടെ നിസ്സാരകാര്യങ്ങളിലും വിശപ്പടക്കുന്നതിലും മാത്രം ശ്രദ്ധിക്കുകയും ഗോത്രഭിന്നതകൾക്കിടയിൽ മാന്യതക്കായി പരസ്പരം പോരടിക്കുകയും ചെയ്ത മരുഭൂമിയുടെ പുത്രൻ അവരെ മഹാദൗത്യം പേറാൻ തക്കവിധം നയിച്ചു. അദ്ദേഹം മനുഷ്യ സ്വാതന്ത്ര്യത്തിനും, അനീതിക്കിരയായവരെ സീസർ-ഖുസ്രുമാരുടെ ഭീകരവാഴ്ചയിൽനിന്ന് മോചിപ്പിക്കുന്നതിനും ഉള്ള യുദ്ധങ്ങളിൽ അവർക്ക് നേതൃത്വം നൽകി. അമിതപ്പലിശയുടെയും പൂഴ്ത്തിവെപ്പിന്റെയും ചൂഷണത്തിന്റെയും സംഘർഷം നിറഞ്ഞതും പൊള്ളയായതുമായ സമ്പദ്‌വ്യവസ്ഥയിൽനിന്ന്, അതിന്റെ തന്നെ സന്താനം പെട്ടെന്ന് രംഗത്തുവന്നു ആ ശൂന്യത നികത്തി; എന്നിട്ട് സമൂഹത്തെ സങ്കീർണമായ നിയമ-സാമൂഹിക വ്യവസ്ഥയുള്ളതും സുബദ്ധവുമായ ഒരു ഏകകമാക്കി. അദ്ദേഹം, പലിശ, പൂഴ്ത്തിവെപ്പ്, ചൂഷണം എന്നിവ ഇല്ലായ്മ ചെയ്ത്, പണം ധനികർക്കിടയിൽ മാത്രം കൈമാറുന്ന ഒരപൂർവ വസ്തുവല്ലാതാക്കുംവിധം ധന

ത്തിന്റെ പുനർവിതരണം നടത്തി. അദ്ദേഹം സ്ഥാപിച്ച സാമൂഹിക സുരക്ഷിതത്വവും സമത്വവും മറ്റു സമൂഹങ്ങൾ ലക്ഷ്യമാക്കിയത് പരീക്ഷണങ്ങൾക്കും വികസനത്തിനും ശേഷം മാത്രമാണ്. ഈ വഴിത്തിരിവുകളെല്ലാം ഉണ്ടായത് സാമൂഹികമാറ്റങ്ങളുടെതന്നെ നൂറ്റാണ്ടുകളുടെ സാവധാനത പരിഗണിക്കുമ്പോൾ, വളരെ ചെറിയ ഒരു കാലയളവിലാണ്.

## ഖുർആൻ

ഖുർആനിലൂടെ ഈ സന്ദേശം മുൻ പ്രവാചകന്മാരെക്കുറിച്ചും അവരുടെ സമൂഹങ്ങളെക്കുറിച്ചും പറഞ്ഞുതരുന്നു. അറേബ്യൻ പ്രവാചകന്റെ വിഗ്രഹാരാധനാബദ്ധവും നിരക്ഷരത്വം മുറ്റിയതുമായ അന്തരീക്ഷത്തിന് അപരിചിതമായ സമുദായങ്ങളുടെ ചരിത്രത്തിലെ സംഭവങ്ങളും പ്രതിസന്ധികളും ഇത് ചർച്ച ചെയ്യുന്നു. യഹൂദ-ക്രൈസ്തവ പണ്ഡിതർ ഒന്നിലധികം തവണ പ്രവാചകനെ വെല്ലുവിളിച്ചു. അവരുടെ മതപാരമ്പര്യം ചർച്ചചെയ്യാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഈ വെല്ലുവിളികളെ സധൈര്യം നേരിട്ടു. ഖുർആൻ അവരുടെ ആവശ്യം പൂർത്തീകരിച്ചത്, അത്തരം വിവരങ്ങളെക്കുറിച്ച വിജ്ഞാനം പ്രവാചകന് മറ്റെവിടുന്നുണ്ടാവാനെന്ന ചോദ്യം ഉയർത്തിക്കൊണ്ടാണ്.

"മൂസാക്ക് നാം ബോധനം നൽകിയപ്പോൾ (സീനായ്) മലയുടെ പടിഞ്ഞാറ് ഭാഗത്ത് നീ ഉണ്ടായിരുന്നില്ല. അതിനു സാക്ഷ്യം വഹിച്ചവരിൽ നീ ഉണ്ടായിരുന്നുമില്ല. എന്നാൽ നാം തലമുറകളെ വളർത്തിക്കൊണ്ടുവന്നു. അങ്ങനെ ജീവിതം അവർക്ക് നീണ്ടുപോയി. മദ്‌യൻ പട്ടണത്തിലെ ജനങ്ങൾക്കിടയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിക്കൊടുക്കുന്ന ഒരു താമസക്കാരനായി നീ ഉണ്ടായിരുന്നില്ല. എന്നാൽ നാം (സന്ദേശം) അയച്ചുകൊണ്ടിരിക്കുന്നു. മൂസായെ നാം വിളിച്ചപ്പോൾ തൂർ മലയുടെ അരികിലും നീ ഉണ്ടായിരുന്നില്ല. എന്നാൽ മുന്നറിയിപ്പു നൽകുന്ന പ്രവാചകന്മാർ മുമ്പു ചെന്നിട്ടില്ലാത്ത ഒരു ജനതക്ക്, രക്ഷിതാവിൽനിന്നുള്ള ഒരു കാരുണ്യമായി നീ അയക്കപ്പെട്ടു. അവർക്ക് മുന്നറിയിപ്പു നൽകാൻ വേണ്ടി" (ഖുർആൻ 28:44-46).

പഴയ നിയമവും പുതിയ നിയമവും പ്രവാചകന്റെ സമൂഹത്തിന് സുപരിചിതമായിരുന്നുവെന്ന് സമ്മതിച്ചാൽതന്നെ, ഖുർആനിൽ വർണിക്കപ്പെട്ട യഥാർഥ സംഭവങ്ങൾ രണ്ടു പുസ്തകങ്ങളുടെ വെറും സാഹിത്യചോരണമാവാൻ വഴിയില്ലെന്നതാണ് നിരീക്ഷകനെ ചിന്തിപ്പിക്കുക. സാഹിത്യചോരണം മറ്റൊരാൾ നൽകിയതിൽനിന്ന് എടുക്കുന്ന ക്രിയാത്മകമല്ലാത്ത പ്രവർത്തനമാണ്. പക്ഷേ ഖുർആൻ, വിവരണങ്ങളെ തിരുത്തുകയും മാറ്റുകയും ചെയ്യുക എന്ന ക്രിയാത്മകമായ പങ്ക് നിർവഹിച്ചു. ദൈവത്തിന്റെ ഏകത്വവുമായോ ഉൽബുദ്ധ മനസ്സുമായോ കളങ്കമില്ലാത്ത മതവീക്ഷണവുമായോ പൊരുത്തപ്പെടാത്ത വൈരുധ്യങ്ങളിൽനിന്നും കൂട്ടിച്ചേർക്കലുകളിൽനിന്നും വിവരണങ്ങളെ ശുദ്ധമാക്കാൻ അത് കഥകൾക്ക് കൂടുതൽ വിശദാംശങ്ങൾ നൽകുന്നു.

സന്ദേശത്തിന്റെ സത്യതക്കുള്ള മറ്റൊരു തെളിവ് ഖുർആൻ നേടിയ സ്വഛത, വാഗ്‌വൈഭവം, ആവിഷ്കാരത്തിന്റെ മൗലികത എന്നീ ഉന്നത ഗുണങ്ങളാണ്. ഇത് അതിനെ, അതിന്റെ ദൈവികത നിഷേധിക്കുന്നവരുടെ ദൃഷ്ടിയിൽപോലും അറബിഭാഷാ ചരിത്രത്തിന്റെ രണ്ടു ഘട്ടങ്ങളെ വേർതിരിക്കുന്ന മാനദണ്ഡവും, ഭാഷയുടെയും അതിന്റെ സാഹിത്യരീതിയുടെയും മാറ്റത്തിന്റെ അടിസ്ഥാനവുമാക്കി. പ്രവാചകൻ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ട അറബികൾക്ക് അന്നുവരെ കേട്ട ഒന്നിനും അത്തരം വർണനാവൈഭവവും ആശയശോഭയും ഇല്ലെന്ന് ബോധ്യമായി. അവരിൽ ഒരാൾ (വലീദുബ്നു മുഗീറ) ഖുർആൻ ഓതിക്കേട്ടപ്പോൾ പ്രഖ്യാപിച്ചതിങ്ങനെയാണ്: "ദൈവത്താണ, ഞാൻ കേട്ട ഈ വാക്കുകൾ മനുഷ്യരുടെയോ ജിന്നുകളുടെയോ അല്ലെന്നു തീർച്ച. ഈ ശബ്ദം മാധുര്യവും സൗന്ദര്യവും തികഞ്ഞതാണ്. അതിന്റെ മുകൾ ഭാഗം സമൃദ്ധവും അടിഭാഗം പുഷ്കലവുമാണ്. അത് സൃഷ്ടിക്കുന്ന ആത്മപ്രഹർഷത്തിൽ ഒന്നിനും അതിനെ കവച്ചുവെക്കുക സാധ്യമല്ല. അതിന്റെ താഴെ വീഴുന്ന ഏതിനെയും അത് ഇല്ലാതാക്കുന്നു."

ചിലയാളുകൾ ഖുർആൻ കേൾക്കുന്നതിൽനിന്നൊഴിഞ്ഞുമാറി. കാരണം അതിന്റെ പ്രതിഫലനം അവർക്കനുഭവപ്പെട്ടു; തങ്ങളുടെ ആത്മാവിന്റെ അവസ്ഥ വിവരിക്കുന്ന അതിന്റെ ശക്തി അവരെ ഭയപ്പെടുത്തി. ഖുർആനിന്റെ ശൈലിയിലെ അതുല്യതയുടെ വ്യക്തമായ ഒരു തെളിവാണിത്. ഖുർആൻ സാധാരണമായ ഒരു സാഹിത്യ വികാസത്തിന്റെ തുടർച്ചയല്ല എന്നും ഇത് തെളിയിച്ചു. പ്രവാചകൻ തങ്ങളുടെ മുമ്പിൽവച്ച വെല്ലുവിളിക്കു മുമ്പിൽ, ജനങ്ങൾക്ക് കീഴടങ്ങേണ്ടിവന്നു. ഖുർആൻ അവരെ അത്തരമൊരു ഗ്രന്ഥം, അല്ലെങ്കിൽ ചുരുങ്ങിയത് തുല്യമായ പത്തു അധ്യായങ്ങളെങ്കിലും, കൊണ്ടുവരാൻ വെല്ലുവിളിച്ചു. അവരുടെ നിസ്സഹായാവസ്ഥ സ്ഥാപിക്കാൻ അവസാനം ഒരു അധ്യായമെങ്കിലും കൊണ്ടുവരാനായി ആ വെല്ലുവിളി തുടർന്നു.

പ്രവാചകൻ ഈ വെല്ലുവിളി നടത്തിയ സമൂഹമാണെങ്കിൽ മറ്റെല്ലാ വൈദഗ്ധ്യത്തെക്കാളും വചോ വിലാസത്തിൽ മികവുകാട്ടിയ ഒന്നായിരുന്നു. കഥാകഥനത്തിലും വീരകൃത്യവർണനയിലും കേമന്മാരായിരുന്നു അവർ. അവരുടെ പ്രധാന ലക്ഷ്യം ഈ പുതിയ സന്ദേശത്തിന്റെ വെളിച്ചം അണച്ച് അതിനെ നശിപ്പിക്കുക എന്നതായിരുന്നു. എന്നാലും ഏതു വലിയ വെല്ലുവിളിയേയും സ്വീകരിക്കാൻ തയാറായിരുന്ന അവർ, അക്കാര്യം ശ്രമിക്കുക വഴി ഖുർആനെ ഏതെങ്കിലും രീതിയിൽ എതിർക്കാൻ ആഗ്രഹിച്ചില്ല. കാരണം, ഖുർആന്റെ സാഹിത്യ ശൈലി തങ്ങളുടെ കലാഭാഷാ വൈഭവത്തിന്നതീതമാണ് എന്നവർക്ക് ബോധ്യമായിരുന്നു. കൗതുകകരമായ കാര്യം, ഈ ഗ്രന്ഥം കൊണ്ടുവന്ന ആൾ തങ്ങളുടെ കൂടെ നാൽപതുവർഷം കഴിച്ചിട്ടും ഒറ്റ സാഹിത്യചർച്ചയിൽ പങ്കെടുക്കുകയോ എന്തെങ്കിലും കലാവാസന പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല എന്നതാണ്. പ്രവാചകൻ ലോകത്തോട് പ്രഖ്യാപിച്ച സന്ദേശത്തിന്റെ ചില സവിശേഷഗുണങ്ങളാണിവ.

## വിപ്ലവം

3. നമുക്കിനി മൂന്നാംപടിയിൽ നോക്കാം. അതിലൂടെ മനുഷ്യ സമൂഹങ്ങളുടെ ചരിത്രത്തിൽ ശാസ്ത്രീയ അനുമാനം നടത്തി രണ്ടാംഘട്ടത്തിൽ കണ്ട സവിശേഷതകൾ ഉള്ള ഈ സന്ദേശം ഒന്നാംപടിയിൽ കണ്ട സാഹചര്യങ്ങളെയും ഘടകങ്ങളെയുമേക്കാൾ മഹത്താണെന്ന് കാണാം. പല ഘട്ടങ്ങളിലും ഒരസാധാരണ വ്യക്തി സമൂഹത്തെയാകെ ഒരുപടി മുന്നോട്ടു നയിക്കുന്നതിന് മനുഷ്യചരിത്രം സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും നാം ഇവിടെ കാണുന്ന ഉദാഹരണം അത്തരം വിജയ കഥകളിൽ ഒന്നു മാത്രമല്ലാതാവുന്നവിധം പ്രത്യേകതകൾ നിറഞ്ഞതാണ്. നാം നിരീക്ഷിക്കു

ന്നതെന്തൊക്കെയാണ്? നൈസർഗികമായ ഒരു മതകീയാവബോധം, ജീവിതമാസകലം ചൂഴ്ന്നു നിൽക്കുന്ന ഒരു സമഗ്ര പരിവർത്തനം. ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധമുള്ള സങ്കൽപങ്ങളുടെയും മൂല്യങ്ങളുടെയും പുനഃസംവിധാനത്തിലൂടെ ഒരുപടി മുന്നോട്ടുനീക്കുക മാത്രമല്ല കൂടുതൽ മികച്ച ഒരു തലത്തിലേക്ക് ഉയർത്തുകകൂടി ചെയ്യുന്നു. അങ്ങനെ ഗോത്രങ്ങളുടെ ഒരു വ്യൂഹം പ്രവാചകന്റെ മാർഗദർശനത്തിൽ ഒരു ആഗോളസമൂഹമായി മാറി. വിഗ്രഹങ്ങളുടെ സമൂഹം ഏകദൈവത്വ വിശ്വാസത്തിലേക്ക് മുന്നോട്ടുകുതിച്ചു. ആ വിശ്വാസം മറ്റു ഏകദൈവ മതങ്ങൾക്ക് തിരുത്തലുകൾ നടത്തുകയും അവയിലെ കൂട്ടിച്ചേർത്ത വ്യാജ ഘടകങ്ങളും ഐതിഹ്യങ്ങളും തുടച്ചുമാറ്റുകയും ചെയ്തു. പൊള്ളയായ സമൂഹം, ഉള്ളുനിറഞ്ഞ ഒന്നായി– ലോകത്തെ മുഴുവൻ ദീപ്തമാക്കിയ സംസ്കാരം വഹിക്കുന്ന ഒരു നേതൃത്വമുള്ള സമൂഹം.

ഏതു സമ്പൂർണ വിപ്ലവവും സമൂർത്ത സാഹചര്യങ്ങളുടെയും കാരണങ്ങളുടെയും ഫലമാണെങ്കിൽ അത് പെട്ടെന്നുണ്ടാവുകയും ഒരു വ്യക്തിയുടെ പരിഷ്കാരങ്ങൾ മാത്രമാവുകയും ചെയ്യുക എന്നത് അസാധ്യമാണ്. അതിലേക്ക് നയിക്കുന്ന മുൻ സംഭവവികാസങ്ങളുമായി ബന്ധമില്ലാതിരിക്കുക എന്നതും അസംഭവ്യമാണ്. ധിഷണാപരവും ആത്മീയവുമായ ഒരു ആദ്യചലനം ഇല്ലാതെ വിപ്ലവമുണ്ടാവുന്നില്ല. ആ ഘട്ടത്തിൽനിന്നാണ് കഴിവുള്ള ഒരു നേതൃത്വം പാകമായി വരാനും അതിന്റെ ഭാഗം ഏറ്റെടുക്കാനും അവസരം ഒരുങ്ങുന്നത്. അത്തരം ഒരു നേതാവ് പിന്നെ ആ പുതിയ വികാസത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തെ സമൂലമായി പരിവർത്തിപ്പിക്കാൻ ശ്രമിക്കും.

ഏതു സമൂഹത്തിലും ചിന്താവിപ്ലവത്തിന്റെ പ്രക്രിയ തുടങ്ങുന്നത് സമൂഹത്തിന്റെ മണ്ണിൽ വിതറുന്ന വിത്തുകളെപ്പോലെയാണെന്ന് സാമൂഹിക പരിണാമങ്ങളെക്കുറിച്ച താരതമ്യ പഠനത്തിൽനിന്നും മനസ്സിലാവും. ക്രമേണ ഈ വിത്തുകൾ ഒന്നിച്ചു വളർന്ന് ഒരു ചിന്താധാരയായി രൂപപ്പെടുകയും അതിന്റെ വിശേഷഭാഗങ്ങൾ നിർണയിക്കുകയും ചെയ്യുന്നു. അപ്പോൾ ആ ധാരയിൽ ഒരു നേതൃത്വം വളരാനും നിലവിലുള്ള ഔദ്യോഗിക സമൂഹസ്ഥാപനത്തിനെതിരായ പ്രസ്ഥാനത്തിന്റെ ഒരു മുന്നണിയായി അതിനെ ലോകസമക്ഷം സമർപ്പിക്കാനും കഴിയുന്നു. നീണ്ട സമരങ്ങളിലൂടെ ഈ ധാര വിപുലമാകുകയും അവസാനം നിയന്ത്രണമേറ്റെടുക്കുകയും ചെയ്യുന്നു.

ഇപ്പറഞ്ഞതിൽനിന്നെല്ലാം വ്യത്യസ്തമായി, മുഹമ്മദ് ഈ പുതിയ സന്ദേശത്തിന്റെ നീണ്ട ചരിത്രശൃംഖലയിലെ ഒരു കണ്ണി മാത്രമായിരുന്നില്ല. സാമൂഹിക മാറ്റത്തിന്റെ ഒരു പൊതുധാരയുടെ ഭാഗവുമായിരുന്നില്ല അദ്ദേഹം. അദ്ദേഹം ഉദ്ഘോഷിച്ച മൂല്യങ്ങളും സങ്കൽപങ്ങളും വെറും വിത്തുകളോ, താൻ വളർന്ന സമൂഹത്തിന്റെ മണ്ണിൽ വളർന്ന ചിന്താസമ്പത്തോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ കരങ്ങളിൽ വളർന്ന ചിന്താധാരയാവട്ടെ, ആദ്യം അത് തെരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ വ്യൂഹത്തിൽ പരിമിതമായിരുന്നു. ആ ധാര സന്ദേശത്തിന്റെയും നേതൃത്വത്തിന്റെയും ഉൽപന്നമായിരുന്നു. അന്നത്തെ സാഹചര്യമായിരുന്നില്ല നേതൃത്വത്തിനോ സന്ദേശത്തിനോ ജന്മം നൽകിയത്.

**പഴയ നിയമവും പുതിയ നിയമവും പ്രവാചകന്റെ സമൂഹത്തിന് സുപരിചിതമായിരുന്നുവെന്ന് സമ്മതിച്ചാൽതന്നെ, ഖുർആനിൽ വർണിക്കപ്പെട്ട യഥാർഥ സംഭവങ്ങൾ രണ്ടു പുസ്തകങ്ങളുടെ വെറും സാഹിത്യചോരണമാവാൻ വഴിയില്ലെന്നതാണ് നിരീക്ഷകനെ ചിന്തിപ്പിക്കുക. സാഹിത്യചോരണം മറ്റൊരാൾ നൽകിയതിൽനിന്ന് എടുക്കുന്ന ക്രിയാത്മകമല്ലാത്ത പ്രവർത്തനമാണ്. പക്ഷേ ഖുർആൻ, വിവരണങ്ങളെ തിരുത്തുകയും മാറ്റുകയും ചെയ്യുക എന്ന ക്രിയാത്മകമായ പങ്ക് നിർവഹിച്ചു.**

അപ്പോൾ, പ്രവാചകൻ കൊണ്ടുവന്ന സന്ദേശവും ഏതെങ്കിലും നേതാവിന്റെ സന്ദേശവും തമ്മിലെ വ്യത്യാസം, ഒരു ചിന്താധാരയുടെയോ സാമൂഹിക പരിവർത്തനത്തിന്റെയോ വ്യത്യസ്ത ഘടകങ്ങളിൽ കാണുന്ന അളവിന്റെ മാത്രം കാര്യമല്ല. അത് മൗലികമായ ഒന്നാണ്. ഇതിൽനിന്നും തെളിയുന്നത് മുഹമ്മദ് ഒരു ധാരയുടെ ഭാഗമായിരുന്നില്ല, മറിച്ച് ധാര അദ്ദേഹത്തിന്റെ ഭാഗമായിരുന്നു എന്നാണ്.

അത്തരം ഒരു വിപ്ലവപ്രസ്ഥാനത്തിലൂടെ, ഒരു പുതിയ മാറ്റത്തിന്റെ ധിഷണാപരമോ മതപരമോ സാമൂഹികമോ ആയ നേതൃത്വം, ഒരു കേന്ദ്രത്തിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ ആ കേന്ദ്രത്തിനു തക്കശക്തിയും ബുദ്ധിപരമായ കഴിവും ഉണ്ടാവണമെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. ആ സവിശേഷതകൾ സാധാരണമനുഷ്യർക്ക് പരിചിതമായ രീതികളിലും രൂപങ്ങളിലും പ്രകടമാവുകയും വേണം. കൂടാതെ നേതൃത്വത്തിന്റെ വികാസത്തിനു വഴിയൊരുക്കുന്നവിധം ആ ധാരക്ക് ക്രമേണയുള്ള ഒരു പ്രയോഗവൽക്കരണപ്രക്രിയയും വേണം.

ഇവിടെയും പൊതുതത്ത്വത്തിനു വിരുദ്ധമായി നാം കാണുന്നത്, മുഹമ്മദ് തന്നെ ധൈഷണികവും മതപരവും സാമൂഹികവുമായ നേതൃത്വം ഏറ്റെടുത്തതാണ്– അന്നത്തെയോ അതിനു മുമ്പത്തെയോ മതപാരമ്പര്യമോ ധൈഷണിക നേട്ടങ്ങളോ അറിയാത്ത നിരക്ഷരനായ അദ്ദേഹത്തിന്റെ പശ്ചാത്തലം അതിനദ്ദേഹത്തെ അയോഗ്യനാക്കുകയാണെങ്കിലും അതാണുണ്ടായത്. ഈ പെട്ടെന്നുള്ള ഉത്തരവാദിത്വമേറ്റെടുക്കാൻ യോഗ്യനാക്കുന്ന മുൻപരിചയവും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ, നാം ഇനി പറയുന്ന നിഗമനത്തിൽ എത്തേണ്ടിവരും. അതുമാത്രമാണ് സ്വീകാര്യവും യുക്തിപൂർവവുമായ വിശദീകരണം: ഈ മൂർത്ത സാഹചര്യങ്ങളുടെയെല്ലാം പിന്നിൽ മറ്റൊരു ഘടകം സങ്കൽപിക്കണം. ആ ഘടകം വെളിപാടിന്റെയും പ്രവാചകത്വ പദവിയുടെയും ഘടകം ആണ്. ഭൂമിയെ മാർഗദർശനം ചെയ്യാൻ ദൈവത്തിന്റെ ഇടപെടലാണിത്. "ഇപ്രകാരം നാം ഒരു പ്രബോധനത്തെ നമ്മുടെ കൽപനയാൽ നിന്നിൽ അരുളിത്തന്നു. ഗ്രന്ഥം എന്തെന്നും വിശ്വാസം എന്തെന്നും നീ അറിഞ്ഞിരുന്നില്ല. എന്നാൽ നമ്മുടെ അടിമകളിൽ നാം ഇച്ഛിക്കുന്നവർക്ക് വഴികാട്ടിയായ ഒരു പ്രകാശമായി അതിനെ നാം ഇറക്കി" – ഖുർആൻ 42:52.

*(ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്, അരീക്കോട് പ്രസിദ്ധീകരിച്ച 'ദൈവം, ദൂതൻ, ദൗത്യം' എന്ന പുസ്തകത്തിൽനിന്ന്. വിവ: പി.വി സഈദ് മുഹമ്മദ്).* ●